(എഫ്) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ജി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(എച്ച്) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

കോരപ്ര-കീഴരിയൂർ റൂട്ടിൽ ബസ് സർവ്വീസ്

110 (1165) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഉൾനാടുമായി ഗതാഗതം ചെയ്തിരുന്ന കോരപ്ര- കീഴരിയൂർ റൂട്ടിൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി ബസ് ഓടുന്നില്ല എന്ന വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ് പിൻവലിക്കാനുണ്ടായ കാരണം വിശദീകരിക്കാമോ ;

(സി) ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബസിന്റെ കുറവുമൂലവും യാത്രക്കാരുടെ തിരക്ക് താരതമ്യേന കുറഞ്ഞ റൂട്ടായതിനാലുമാണ് സർവ്വീസ് നടത്തുവാൻ കഴിയാത്തത്.

(സി) കളക്ഷൻ കുറവായതു കാരണവും പൂർണ്ണമായും ദേശവൽകൃത മേഖലയല്ലാത്തതിനാലും പരിഗണിക്കുവാൻ നിവൃത്തിയില്ല.

പെരുമ്പാവൂർ-തിരുവാണിയൂർ ബസ് സർവീസ്

111 (1166) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ-തിരുവാണിയൂർ (വഴി) ഐരാപുരം-നെല്ലാട്-കോലഞ്ചേരി ബസ് സർവീസ് നിർത്തിവച്ചിരിക്കുന്നത് എന്തു കാരണത്താൽ ആണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ബസ് സർവ്വീസ് നഷ്ടത്തിലാണ് ഓടുന്നത് എന്ന് സ്ഥാപിക്കുന്നതിന് വേണ്ടി സർവ്വീസ് കൃത്യമായി നടത്തുന്നില്ല എന്ന കാര്യം പരിശോധിക്കാമോ ;

(സി) മറ്റു യാതൊരു ഗതാഗത സൗകര്യവും ഇല്ലാത്ത പ്രസ്തുത റൂട്ടിൽ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലെ സർവ്വീസുകളും വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാനായി വരുമാനം തീരെ കുറവായ പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(ബി) വരുമാനം തീരെ കുറവാണെന്നു കണ്ടതിനാലാണ് മറ്റു ലാഭകരമായ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻവേണ്ടി ഈ സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാത്തത്.

(സി) ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതാണ്.

കെ.എസ്.ആർ.ടി.സി. പറവൂർ ഡിപ്പോയിലെ സർവ്വീസുകൾ

112 (1167) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പറവൂർ ഡിപ്പോ എന്നാണ് ആരംഭിച്ചത്. ഇപ്പോൾ എത്ര സർവ്വീസുകൾ ഉണ്ട് ; തുടക്കത്തിൽ എത്ര ആയിരുന്നു. ഡിപ്പോയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ് ; ഇത് ബസിന്റെ സ്ട്രെങ്തിന്റെ എത്രയുണ്ടാകണം. എത്രയുണ്ട് ; സ്റ്റാഫിന്റേയും ബസ്സിന്റേയും കുറവുമൂലം എത്ര ബസ്സുകൾ ദിവസവും റദ്ദാക്കുന്നുണ്ട് ;

(ബി) പറവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കഴിഞ്ഞ 10 മാസത്തെ ശരാശരി കളക്ഷൻ എത്രയാണ് ;

(സി) പറവൂർ ഡിപ്പോയിൽ പമ്പ് ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഒരു ഡീസൽ പമ്പ് സ്ഥാപിക്കുവാൻ നടപടിയുണ്ടാകുമോ ;

(ഡി) പറവൂർ ഡിപ്പോയിലെ ഗ്യാരേജിന്റെ സ്ഥലപരിമിതി പരിഹരിക്കുവാൻ നടപടിയുണ്ടാകുമോ ;

(ഇ) പറവൂർ ഡിപ്പോയിൽ നിന്നും എൻ.എച്ച്-17, ന്യൂ എം.എൽ.എ. റോഡ്, കാത്തയോർപ്പിള്ളി വഴി എറണാകുളത്തേയ്ക്കും (ലിമിറ്റഡ് സ്റ്റോപ്പ്) കൊടുവള്ളിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും (സൂപ്പർ ഫാസ്റ്റ്) സർവ്വീസ് ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) 22-7-1984-ൽ പറവൂരിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങി. 13-9-87-ൽ സബ് ഡിപ്പോയായി ഉയർത്തി. 17-11-1999-ലെ കണക്കുപ്രകാരം 40 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. 22-7-1984-ൽ 12 സർവ്വീസുകളും 13-9-1987-ൽ 25 സർവ്വീസുകളുമാണ് ഉണ്ടായിരുന്നത്. 40 ഷെഡ്യൂളുകളും കൃത്യമായി നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 110 ഡ്രൈവർമാരേയും

LIBRARY ARCHIVES Kerala Legislative Assembly